**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3887** **17-03-2025 - ൽ മറുപടിയ്ക്ക്**

**തൊഴിൽ തട്ടിപ്പുകൾ തടയുന്നതിനുള്ള നിയമനിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ,<br>ശ്രീ വി ശശി,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ. വാഴൂർ സോമൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | അമേരിക്കയിൽനിന്നും അനധികൃത കുടിയേറ്റക്കാരെ നാട്ടുകടത്തുന്നതും ഇന്ത്യയുൾപ്പെടെയുള്ള രാജ്യങ്ങളിലേക്ക് തിരികെ അയയ്ക്കുമ്പോൾ സ്വീകരിക്കുന്ന മനുഷ്യത്വരഹിതമായ സമീപനങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | അമേരിക്കയിൽ നിന്നും അനധികൃത കുടിയേറ്റക്കാരെ നാട്ടുകടത്തുന്നതുമായി ബന്ധപ്പെട്ട നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഇന്ത്യയിലേക്ക് തിരികെ അയയ്ക്കപ്പെട്ടവരിൽ മലയാളികൾ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ കൂടുതൽ വിവരങ്ങൾ ലഭ്യമല്ല. |
| (ബി) | കേരളത്തിലെ വലിയൊരു വിഭാഗം യുവാക്കളും തൊഴിൽ അന്വേഷിച്ച് വിദേശ രാജ്യങ്ങളിൽ പോകുന്നവരാണ് എന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | 2023ൽ ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷന്റെ നേതൃത്വത്തിൽ നടത്തിയ സർവ്വേ പ്രകാരം, കേരളത്തിൽ നിന്നുള്ള പ്രവാസികളുടെ എണ്ണം 2.2 ദശലക്ഷം ആണ്. 2018-ൽ ഇത് 2.12 ദശലക്ഷം ആയിരുന്നു. കഴിഞ്ഞ 5 വർഷക്കാലം കൊണ്ട് തൊഴിൽ അന്വേഷിച്ച വിദേശത്തു പോകുന്ന പ്രവാസികളുടെ എണ്ണത്തിൽ കാര്യമായ വർധന ഉണ്ടായിട്ടില്ല. |
| (സി) | വിദേശ രാജ്യങ്ങളിലേക്ക് തൊഴിലവസരങ്ങളും പഠന സൗകര്യങ്ങളും വാഗ്ദാനം ചെയ്യുന്ന തരത്തിലുള്ള തട്ടിപ്പുകൾ വർദ്ധിച്ചുവരുന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | സുരക്ഷിത കുടിയേറ്റം ഉറപ്പ് വരുത്തുന്നതിന് ബോധവൽക്കരണ പരിപാടികൾ ഉൾപ്പെടെ നടത്തിവരുന്നുണ്ടെങ്കിലും അനധികൃത റിക്രൂട്ട്മെന്റ് ഏജന്റുകളുടെ കെണിയിൽപ്പെട്ട് വിദേശ രാജ്യങ്ങളിലേക്ക് തൊഴിൽ, പഠനം എന്നിവയ്ക്കായി അനധികൃതമായി കുടിയേറുന്നവർ നിരവധിയാണ്. കേരളത്തിൽ നിന്നുള്ള അന്താരാഷ്ട്ര റിക്രൂട്ട്മെന്റ് മേഖലയിലെ സുതാര്യത ഉറപ്പ് വരുത്തി സുരക്ഷിത കുടിയേറ്റം സാധ്യമാക്കണം എന്നത് നാലാം ലോക കേരള സഭയുടെ സുപ്രധാന നിർദ്ദേശങ്ങളിൽ ഒന്നായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ നാലാം ലോക കേരള സഭ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം കേരളത്തിൽ നിന്നുള്ള അന്താരാഷ്ട്ര റിക്രൂട്ട്മെന്റ് രീതികൾ കാര്യക്ഷമമാക്കുന്നതിന് വിദഗ്ധരെ പങ്കെടുപ്പിച്ചുകൊണ്ട് ബ്രെയിൻസ്റ്റോമിങ് സെഷൻ സംഘടിപ്പിക്കുകയും അന്താരാഷ്ട്ര |

| | | | |
|---|---|---|---|
| | | | റിക്രൂട്ട്മെന്റ് മേഖലയിലെ നിയമനിർമ്മാണ സാധ്യത പഠിക്കുന്നതിനായി ഒരു കമ്മിറ്റി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | ഇത്തരം തട്ടിപ്പുകൾ കുറയ്ക്കുന്നതിനായി പ്രത്യേക നിയമനിർമ്മാണം ആവശ്യമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം അനധികൃത റിക്രൂട്ട്മെന്റിനെതിരെ നിയമനിർമ്മാണത്തിനുള്ള സാധ്യതകൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | വിദേശത്തേക്ക് ജോലിക്കായി അനധികൃത റിക്രൂട്ടിംഗ് നടത്തുന്ന ഏജൻസികളെ നിയന്ത്രിക്കുന്ന വിഷയം കേന്ദ്ര സർക്കാരിന്റെ 1983-ലെ എമിഗ്രേഷൻ ആക്ടിന്റെ പരിധിയിൽ വരുന്നതാണ്. പ്രസ്തുത ആക്ടിൽ ഭേദഗതി വരുത്തുവാൻ കേന്ദ്ര സർക്കാരിനു മാത്രമേ അധികാരമുള്ളൂ. വിദേശ പഠനത്തിനായി പോകുന്ന വിദ്യാർത്ഥികളെ റിക്രൂട്ട് ചെയ്യുന്ന സ്വകാര്യ റിക്രൂട്ട്മെന്റ് ഏജൻസികളുടെ മേൽ നിയന്ത്രണവും നിയമപരവുമായ ക്രമീകരണങ്ങളും ഉള്ളതായി കാണുന്നില്ല. എന്നാൽ സംസ്ഥാനത്ത് ഇത്തരം അനധികൃത റിക്രൂട്ട്മെന്റുകൾ തടയാൻ 'ഓപ്പറേഷൻ ശുഭയാത്ര' എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ